## കേരള സർക്കാർ

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ്- കോഴിക്കോട് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരായി ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ഗണേശൻ.കെ.കെ മുതൽപേർ ഫയൽ ചെയ്ത OA-2081/14-ാം നമ്പർ കേസ്സിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടിട്ടുള്ള ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സഉ(സാധാ) നം.**1482**/2015/തസ്വഭവ തീയതി, തിരുവനന്തപുരം, **16**/05/2015

---

പരാമർശം : OA-2081/14 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 22/01/2015 ലെ ഉത്തരവ്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ പത്തു വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരായി ജോലി ചെയ്തു വരുന്ന തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ഗണേശൻ.കെ.കെ മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA-2081/14-ാം നമ്പർ അന്യായത്തിൽ പരാതിക്കാരെ നേരിൽകേട്ട ശേഷം ഉചിതമായൊരു തീരുമാനം മൂന്നുമാസത്തിനുള്ളിൽ കൈക്കൊള്ളാൻ 22/01/2015 ലെ ഉത്തരവു പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു. അപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്കുവേണ്ടി അണ്ടർ സെക്രട്ടറി പരാതിക്കാരായ ശ്രീ.ഗണേശൻ.കെ.കെ. മുതൽപേരേയും പഞ്ചായത്തു വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽ കേട്ടിരുന്നു. പരാതിക്കാർ മൂന്നുപേരും 10 വർഷത്തിലധികമായി കോഴിക്കോട് ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്തു വരികയാണെന്നും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന ഇനിയും ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞുവെന്നും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഇവർക്ക് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും ഇല്ലെന്നും ആയതിനാൽ ഡ്രൈവറായി സ്ഥിരനിയമനം നൽകണമെന്നും ഹിയറിംഗ് സമയത്ത് ബോധിപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ ജില്ലകളിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ദിവസവേതനക്കാരായി സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള പൊതുവായ ഫയലിലെ തീരുമാനത്തിനനുസൃതമായി മാത്രമേ ഇക്കാര്യത്തിലും തീരുമാനമെടുക്കാൻ സാധിക്കുയുള്ളൂ. ആയതിനാൽ പരാതിക്കാരുടെ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

OA-2081/14-ാം നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി.ആർ. സതീഷ്ചന്ദ്രൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ശ്രീ.ഗണേശൻ.കെ.കെ , ഡ്രൈവർ, ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് കോഴിക്കോട്.
ശ്രീ. സത്യൻ.പി. ഡ്രൈവർ, ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് കോഴിക്കോട്.
ശ്രീ. മദനൻ.ഒ, ഡ്രൈവർ ഉണ്ണിക്കുളം ഗ്രാമ പഞ്ചായത്ത് കോഴിക്കോട്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
സെക്രട്ടറി, ബാലുശ്ശേരി / ഉണ്ണിക്കുളം ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ